


ഒരു പ്രതിമാസ ഓൺലൈൻ വാർത്താപത്രിക

നവംബർ 2021

# മൊഴി

വാർത്താപത്രിക : ജി.ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര ലക്കം 6 പേജ് 4

## വിദ്യാലയമുണരുന്നു.....

നെയ്യാറ്റിൻകര ഗവണ്മെന്റ് ഗേൾസ് എച്ച് എസ് എസിലെ പ്രവേശനോത്സവം കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് നടന്നു. "വിദ്യാലയമുണരുമ്പോൾ "എന്ന ഈ ചടങ്ങ് S H O ശ്രീ സാഗർ സർ



നിർവഹിച്ചു .സ്കൂൾ മുറ്റത്ത് കോവിഡ് മാന ദണ്ഡങ്ങൾ പാലിച്ചായിരുന്നു ചടങ്ങുകൾ നടത്തിയത്. P T A പ്രസിഡന്റ് ശ്രീ സജി കൃഷ്ണൻ , H M ശ്രീമതി ആനി ഹെലൻ ,പ്രിൻസിപ്പൽ ശ്രീമതി ദീപ ,വാർഡ് കൗൺസിലർ ശ്രീമതി അജിത എന്നിവർ ചേർന്ന് കോവിഡ് മാന ദണ്ഡങ്ങൾഅടങ്ങിയ പോസ്റ്റർ പ്രകാശനം നടത്തി . P T A യുടെ നേതൃത്വത്തിൽ മധുര വിതരണം നടത്തി .







## കേരളപ്പിറവി ആഘോഷം

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് മലയാളം അദ്ധ്യാപിക ശ്രീമതി സതി കുട്ടികൾക്ക് ഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ദേവിക പി കേരളത്തെക്കുറിച്ചുള്ള മനോഹരമായ ഗാനം ആലപിച്ചു.





## ബാലിക ദിനം

ബാലിക ദിനത്തിന്റെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് നടത്തിയ പോസ്റ്റർ രചന മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ നേഹ ആർ വി ആരോഗ്യ -വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണ ജോർജിൽ നിന്നും അഭിനന്ദനം ഏറ്റുവാങ്ങുന്നു .



## ഹിന്ദി ദിനാചരണം

ഹിന്ദി ദിനാഘോഷത്തിൽ നടന്ന ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ ഏയ്ഞ്ചൽ ജാസ്മിൻ ഉപഹാരം



ഏറ്റുവാങ്ങുന്നു

## ശിശുദിനാഘോഷം

2021 ലെ ശിശുദിനാഘോഷത്തിന്റെ ഭാഗമായി നടന്ന മുൻസിപ്പാലിറ്റി തല പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ നമ്മുടെ വിദ്യാലയത്തിലെ മയൂഖാ മോഹൻ .നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ വച്ച് നടന്ന ചടങ്ങിൽ ബഹു . നഗരസഭാ ചെയർമാൻ മയൂഖയെ കുട്ടികളുടെ പ്രധാനമന്ത്രിയായി പ്രഖ്യാപിച്ചു .



മയൂഖാ മോഹൻ



ദേശീയ ആയുർവേദ ദിനാചരണത്തോടനുബന്ധിച്ച നെയ്യാറ്റിൻകര നഗരസഭാ നടത്തിയ ചിത്ര രചന മത്സരത്തിൽ H S വിഭാഗം ഒന്നാം സ്ഥാനം നേടിയ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനി നേഹ ആർ വി ബഹുമാനപെട്ട നെയ്യാറ്റിൻകര മുൻസിപ്പൽ ചെയർ മാനിൽ നിന്നും അനുമോദനം ഏറ്റുവാങ്ങുന്നു .









# " ചിരാഗ് "

## തുടർ പരീക്ഷാ പരിശീലനം



കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നീണ്ടകാലം വീട്ടുകളിലിരുന്ന് ഓൺലൈൻ പഠനം നടത്തിയ വിദ്യാർത്ഥിനികൾക്ക് പരീക്ഷ പരിശീലനം  നൽകുന്നതിന്റെ ഭാഗമായി "ചിരാഗ് "എന്ന പേരിൽ പത്താം ക്ളാസ്സിലെ കുട്ടികൾക്കായി തുടർപരീക്ഷാപരിശീലന പരിപാടി നമ്മുടെ വിദ്യാലയത്തിൽ നവംബർ മാസം തന്നെ ആരംഭിച്ചു .വിദ്യാർത്ഥികളിൽ ആത്മവിശ്വാസം ഉണ്ടാക്കാൻ സഹായകമായ ഈ പരിശീലനം ഇനിയും തുടരുന്നതാണ് .






CHIRAG TEST SERIES

SOCIAL SCIENCE

STD:X

Score:15
Time:30minutes

1. 'Everyone has some fundamental rights. No Government has the right to suspend them'. whose statement is this? (1)
2. Name the instrument used to measure Atmospheric pressure? (1)
3. How friction affects the speed of wind? (2)
4. List out the results of French Revolution? (3)
5. Match column B with A

| A | B |
|---|---|
| Rousseau | American war of Independence |
| Mao Ze dong | Latin American Revolution |
| Thomas Paine | French Revolution |
| Simon Boliver | Chinese Revilution |

(4)

6. Which are the Global Pressure Belts? Explain any one of them. (4)

ഗണിത വിസ്മയം







